# പ്രതീക്ഷ

2025-26

## അക്കാദമിക മാസ്റ്റർ പ്ലാൻ



**ഗവ. എൽ.പി.എസ്. ഇളമ്പ**

**ആറ്റിങ്ങൽ വിദ്യാഭ്യാസ ഉപജില്ല**

# ഗവ. എൽ.പി.എസ്. ഇളമ്പ

ISO 9001 -2015

# പ്രതീക്ഷ 2

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26


ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ
DONATED BY

# ആമുഖം

ഗവൺമെൻറ് എൽ പി ഇളമ്പ സ്കൂളിൻറെ പി.ടി.എ, എസ്.എം.സി ,വികസന സമിതി, എം.പി.ടി.എ ,പൂർവവിദ്യാർഥി, എസ്. പി. ജി, അധ്യാപകർ, അധ്യാപകേതര ജീനക്കാർ എന്നിവരുടെ പൂർണ്ണ സഹകരണം, സേവന സന്നദ്ധത ,സമർപ്പണം എന്നിവയിലൂടെ കൂടുതൽ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം സൗജന്യമായി നൽകുകയും ,അവരുടെ സംരക്ഷണം ഉറപ്പാക്കി സർവതോൻമുഖമായ വളർച്ച പ്രധാനം ചെയ്ത രാജ്യത്തിൻറെ അഭിവൃത്തിക്ക് പങ്കുവഹിയ്ക്കുന്നവരാക്കി മാറ്റുകയും, സമൂഹത്തിന് ആവശ്യമായ സേവനങ്ങൾ യഥാസമയം നൽകി ഒരു മാതൃകാ വിദ്യാലയമായി മാറുകയും ചെയ്യുക എന്നതാണ് ഗവൺമെൻറ് എൽ.പി.എസ്.ഇളമ്പയുടെ 2025 -26 അധ്യയന വർഷത്തെ ***പ്രതീക്ഷ -2*** മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ നയം.

# <u>ഉള്ളടക്കം</u>


- ലക്ഷ്യം
- സ്കൂൾ ചരിത്രം
- സ്കൂൾ രൂപരേഖ
- **School strength**
- **Staff details**
- സ്കൂൾ ഭരണസമിതി
- നേട്ടങ്ങൾ
- അക്കാദമിക നേട്ടങ്ങൾ
- സ്കൂൾ മുന്നോട്ട് വക്കുന്ന പൊതു ലക്ഷ്യങ്ങൾ
- പരിമിതികൾ
- ക്ലബ്ബുകൾ
- സ്കൂൾ സുരക്ഷാ സമിതി
- തനതു പ്രവർത്തനങ്ങൾ
  - വിജ്ഞാനലഹരി
  - സ്പോക്കൺ ഇംഗ്ലീഷ്
  - പരിഹാരബോധനം
  - സുസ്ഥിര വികസനം - ജനാധിപത്യവഴികളിൽ
- ക്ലാസ്സ് മാസ്റ്റർപ്ലാൻ
  - അക്കാദമിക മാസ്റ്റർപ്ലാൻ - ക്ലാസ്സ് -1
  - അക്കാദമികമാസ്റ്റർപ്ലാൻ-ക്ലാസ്സ് -2
  - അക്കാദമികമാസ്റ്റർപ്ലാൻ-ക്ലാസ്സ് -3
  - അക്കാദമികമാസ്റ്റർപ്ലാൻ-ക്ലാസ്സ് -4

# ലക്ഷ്യം

**2025 -26 വർഷം ഗവൺമെൻറ് എൽ പി സ്കൂൾ ഏറ്റെടുക്കുന്ന അക്കാദമിക പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളാണ് ചുവടെ ചേർക്കുന്നത്.**


- വിദ്യാലയത്തിനകത്ത് തുല്യത, ഗുണമേന്മ എന്നിവ ഉറപ്പാക്കുക.
- സ്കൂൾ പഠന അന്തരീക്ഷവും പഠന പരിസരവും കുട്ടികൾക്ക് അനുഗുണമായി രൂപപ്പെടുത്തുക.
- പുതിയ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് അധ്യാപക സമൂഹത്തെ പരിവർത്തിപ്പിക്കുക.
- രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ച് കാഴ്ചപ്പാട് സൃഷ്ടിക്കുക.
- സ്കൂളിനെ ഏറ്റവും അനുയോജ്യമായി വിദ്യാഭ്യാസ സംവിധാനത്തിലും ഭരണനിർവഹണ പങ്കാളിത്തത്തിലും പുത്തൻകടമാബോധം സ്വാംശീകരിച്ചെടുക്കുക.
- കുട്ടികളുടെ സർവതോൻമുഖമായ വികാസത്തിനു വേണ്ട പഠനാന്തരീക്ഷ ഒരുക്കുക .
- ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക.
- നാട്ടിൽ ലഭ്യമാകുന്ന ലോക്കൽ റിസോഴ്സുകളെ കുട്ടികളുടെ ഗുണമേന്മ വിദ്യാഭ്യാസത്തിനു മുതൽക്കൂട്ടാക്കുക.
- മുദാക്കൽ പഞ്ചായത്തിൽ ഉള്ള ഇളമ്പ ഗവൺമെൻറ് എൽപി സ്കൂളിലെ എല്ലാ ഏജൻസികളെയും ഏകോപിക്കുക

# സ്കൂൾ ചരിത്രം


1924 ൽ അയിലം കട്ടക്കാലിൽ ശ്രീ രാഘവൻ പിള്ള മാനേജരും പ്രഥമ അധ്യാപകനുമായി ഇളമ്പയിൽ ആദ്യമായി ഒരു പ്രൈമറി വിദ്യാലയം സ്ഥാപിച്ചു. 24 വർഷത്തോളം സ്വകാര്യസ്ഥാപനമായി പ്രവർത്തിച്ച ഈ വിദ്യാലയം 1948 ൽ സർക്കാർ സ്കൂളാക്കി. 1952 ൽ ഇളമ്പ പറങ്കി മാംവിളയിൽ ശേഖരക്കുറുപ്പിന്റെ നേതൃത്വത്തിലുള്ള ജനകീയ കമ്മിറ്റിയുടെ ശ്രമഫലമായി ഈ വിദ്യാലയത്തെ അപ്പർ പ്രൈമറി സ്കൂൾ ആക്കി ഉയർത്തി. കെട്ടിടവും സ്ഥലവും നാട്ടുകാരാണ് സംഭാവനയായി നൽകിയത്. 1964 ൽ ഹൈസ്കൂൾ ആക്കി ഉയർത്തപ്പെട്ട ഈ വിദ്യാലയം 1974 ൽ ഭരണസൗകര്യാർത്ഥം പ്രൈമറി വിഭാഗത്തെ വേർപെടുത്തി. തുടർന്ന് ആദ്യ പ്രഥമാധ്യാപകൻ അയിലം ശ്രീ. എ. ചെല്ലപ്പൻ നായർ ആയിരുന്നു. അന്നുമുതൽ ഇന്നുവരെ നാട്ടുകാരുടെയും, പി ടി എ,എസ്. എം . സി എന്നിവയുടെയും  കാലാകാലങ്ങളിൽ വന്ന പ്രഥമ അധ്യാപകരുടെയും കഠിന ശ്രമത്തിന്റെ ഫലമായി സ്കൂൾ ഇന്ന് കാണുന്ന നിലയിലായി. ഇന്ത്യയിലെ ഐ. എസ്. ഒ.9001- 2015 കരസ്ഥമാക്കിയ ആദ്യ സർക്കാർ പ്രൈമറി വിദ്യാലയമായ ഗവൺമെൻറ് എൽ .പി.എസ്. ഇളമ്പ 2025 ൽ ശതാബ്ദി ആഘോഷങ്ങൾക്കും വേദിയായി.

Govt LPS ELAMPA

LINE SKETCH OF CLASSROOM



# Govt: LPS ELAMPA
## LAYOUT PLAN



# STRENGTH

| CLASS | BOYS | GIRLS | TOTAL |
|---|---|---|---|
| 1-4 | 99 | 130 | 229 |
| PRE-PRIMARY | 42 | 42 | 84 |

## STAFF DETAILS

**HM** : 1

**TEACHERS** : 10

**PTCM** : 1

**PRE-PRIMARY TEACHERS** : 3

**AYA** : 1

**COOK** : 1

**SCHOOL BUS DRIVER** : 2

**SCHOOL BUS AYA** : 2

# സ്കൂൾ ഭരണസമിതി

പി.ടി.എ.,എസ്.എം.സി, സ്കൂൾ വികസന സമിതി എന്നീ കമ്മിറ്റികളുടെ നേതൃത്വത്തിൽ സ്കൂൾപ്രവർത്തനങ്ങൾ സുഗമമായിമുന്നോട്ട് പോകുന്നു.

## പി ടി . എ. കമ്മിറ്റി

രമ്യ വിഎസ് (പിടിഎ പ്രസിഡൻറ്)
സുഭാഷ്
കാർത്തിക
രജനി
അശ്വതി വി
സജിത ഗിരി
ചിന്നു
രജിത

## എസ്. എം. സി. കമ്മിറ്റി

സന്തോഷ് ( .ചെയർമാൻ)
ജോയി (വൈസ് ചെയർമാൻ)
ബിന്ദു (വാർഡ് മെമ്പർ)
സുബിൻ
സരിത

## എം.പി.ടി. എ.

അനിത (പ്രസിഡൻറ്)
ദീപ
വിജയകുമാരി
ആതിര
ശ്രീക്കുട്ടി

## വികസന സമിതി

**ജയശ്രീ (ചെയർമാൻ)**

**രാജേന്ദ്രൻ (വൈസ് ചെയർമാൻ)**

**പ്രഭകമാർ (ജോയിന്റ് കൺവീനർ)**

**ശ്രീനിവാസൻ**

**റീന സി ഒ**

**ജലജ പി എസ്**

**ശരത്ചന്ദ്രൻ**

# നേട്ടങ്ങൾ

- ISO 9001-2015 നേടിയ ആദ്യ എൽ പി സ്കൂൾ.
- സമ്പൂർണ്ണഡിജിറ്റലൈസ്ഡ് ക്ലാസ് മുറികൾ.
- വർണക്കൂടാരം, എയർകണ്ടീഷൻ ക്ലാസ് മുറികൾ എന്നിവ ഉൾപ്പെട്ട പ്രൈമറി വിഭാഗം.
- സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി.
- എല്ലാ പ്രദേശങ്ങളിലേക്ക് സ്കൂൾ ബസ് സൗകര്യം
- മികച്ച പാചകപ്പുരയും സ്റ്റോറും .
- സൗണ്ട് സിസ്റ്റം.
- നവീകരിച്ച കമ്പ്യൂട്ടർ ലാബ്.

# അക്കാദമിക നേട്ടങ്ങൾ

➔ **2024-25** അക്കാദമിക വർഷത്തിൽ മികവ് സബ്ജില്ലാ ഒന്നാം സ്ഥാനം.

➔ എൽ എസ് എസ് പരീക്ഷയിൽ **11** വിജയികൾ .

➔ ശാസ്ത്രമേള, കലാമേളകളിൽ മികവാർന്ന വിജയം.

➔ തനത് പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കിയ 'വി ദ പീപ്പിൾ ' എന്ന നാടകം ഭരണഘടന ദിനമായ നവംബർ **26** ന് **kite victors channel** സംപ്രേക്ഷണം ചെയ്തു.

➔ **Green, Red,Orange, White (GROW)** എന്നിങ്ങനെ നാല് ഹൗസുകളായി തിരിഞ്ഞുള്ള അസംബ്ലി.സ്കൂളിലെ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.

## സ്കൂൾ മുന്നോട്ടുവയ്ക്കുന്ന പൊതുലക്ഷ്യങ്ങൾ

- അന്താരാഷ്ട്ര നിലവാരത്തിലുള്ള പരീക്ഷകളെ അതിജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികളിൽ ജനാധിപത്യ മനോഭാവം ലിംഗ സമത്വം എന്നിവ വളർത്തുക.
- നിയമ അവബോധമുള്ള പുതു തലമുറയെ സൃഷ്ടിക്കുക .
- പരിസ്ഥി സംരക്ഷണ ബോധമുള്ള പൗരന്മാരാക്കി വളർത്തുക.
- ഹരിത ക്യാമ്പസ്.
- കാർഷിക സംസ്കാരത്തിൽ ഊന്നിയ അധ്യായന രീതി.
- പരിസ്ഥിതിക്ക് കോട്ടം വരുത്താത്ത വികസന കാഴ്ചപ്പാട്.
- പിന്നോക്കകാർക്ക് പ്രത്യേക പരിഗണന നൽകുന്ന പരിഹാരബോധനം.
- ലൈബ്രറി ഡിജിറ്റലൈസ് ചെയ്യൽ
- ഐ .ടി.അധിഷ്ഠിത പഠനം.

# പരിമിതികൾ

- കുട്ടികളുടെ കായികാരോഗ്യത്തിനായി കളിസ്ഥലം.
- കലാകായിക പരിശീലനത്തിനുള്ള അസൗകര്യം.
- സ്കൂൾ പഠനത്തിന് തുടർച്ച കിട്ടാത്ത ഗൃഹാന്തരീക്ഷം.
- ക്ലാസ്സ് പി ടി എ കളിൽകരക്ഷിതാക്കളുടെ പങ്കാളിത്ത കുറവ്
- കുട്ടികളുടെ കലാപരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള ഓഡിറ്റോറിയം.
- കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനായി ഡൈനിങ് ഹാൾ.
- ക്ലാസുകളിൽ  ഓഡിയോ സംവിധാനമൊരുക്കൽ.
- ലാബ് ,ലൈബ്രറി നവീകരണം.
- പ്രവേശന കവാടം.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾക്ക് പുറമെ കുട്ടികളുടെ സർവതോന്മുഖമായ വികാസം ലക്ഷ്യമാക്കി വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നു.. ഈ അക്കാദമിക വർഷം സ്കൂളിൽ പ്രവർത്തിക്കുന്ന വിവിധ ക്ലബ്ബുകൾ

- ഗാന്ധിദർശൻ
- വിദ്യാരംഗം
- ഗണിത ക്ലബ്ബ്
- നല്ല പാഠം
- സീഡ് ക്ലബ്
- ഇംഗ്ലീഷ് ക്ലബ്
- സയൻസ് ക്ലബ്ബ്
- അശ്വമേധം ക്വിസ് ക്ലബ്.
- ഹെൽത്ത് ക്ലബ്

# സ്കൂൾ സുരക്ഷാ സമിതി

## ലക്ഷ്യങ്ങൾ

- സ്കൂൾ സുരക്ഷാസമിതി രൂപീകരണം
- അപകട സാധ്യത അവലോകനം സ്കൂൾ സുരക്ഷാ പദ്ധതി തയ്യാറാക്കൽ
- മോക്ക് ഡ്രിൽ പരിശീലനം

## ആസൂത്രണം

- സ്കൂൾ സുരക്ഷാസമിതി രൂപീകരിക്കൽ
- അധ്യക്ഷ(ഹെഡ്മിസ്ട്രസ് )
- രണ്ട് അധ്യാപക പ്രതിനിധികൾ
- സ്കൂളിൻറെ ചുമതലയുള്ള വിദ്യാഭ്യാസ വകുപ്പിന്റെ ഉദ്യോഗസ്ഥൻ
- പിടിഎ/എസ് എം സി ചെയർമാൻ
- വിദ്യാർത്ഥി പ്രതിനിധികൾ 2 (ആൺകുട്ടി, 1 പെൺകുട്ടി 1)
- തദ്ദേശസ്വയഭരണ സ്ഥാപനത്തിൽ നിന്ന് ഒരു പ്രതിനിധി
- അഗ്നിശമന സേനപ്രതിനിധി
- പോലീസ് സേന പ്രതിനിധി
- ആരോഗ്യവകുപ്പ് പ്രതിനിധി

## സ്കൂൾ സുരക്ഷാസമിതി പ്രവർത്തനങ്ങൾ

1.സ്കൂൾ സുരക്ഷാ പ്രവർത്തനങ്ങളുടെ വാർഷിക കലണ്ടർ തയ്യാറാക്കുക

2.അപകടസാധ്യതകൾ അടയാളപ്പെടുത്താൻ ബ്ലൂ പ്രിൻറ് തയ്യാറാക്കണം

3.സ്കൂൾ ദുരന്ത നിവാരണ/സുരക്ഷാ പദ്ധതി രേഖ-മാതൃക

4.സ്കൂൾ സുരക്ഷാപ്രവർത്തനങ്ങളുടെ ഫോട്ടോ വീഡിയോ തയ്യാറാക്കൽ.

കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ

# വിജ്ഞാനലഹരി

പ്രവർത്തനത്തിന്റെ* *പേര്* : *അശ്വമേധം*

( *പ്രശ്നോത്തരി* *ക്ലബ്ബ്* )

*പ്രവർത്തന* *കാലയളവ്* : മെയ് മുതൽ ഫെബ്രുവരി വരെ

*ലക്ഷ്യം* :വായനയിൽ താല്പര്യവും വർദ്ധിപ്പിക്കുന്നതിനും വിവിധ വിഷയവുമായി ബന്ധപ്പെട്ട ആഴത്തിൽ അറിവു നേടുന്നതിനുംകുട്ടികളെ പ്രാപ്തരാക്കുക.

*നടത്തിപ്പ് രീതി* :മെയ് മാസ ആരംഭത്തിൽ അശ്വമേധം ക്ലബ്ബ് രൂപീകരിക്കുന്നു സ്കൂളിലെ മുഴുവൻ കുട്ടികളെയും ഈ ക്ലബ്ബിൽ അംഗങ്ങൾ ആക്കുന്നു.ഇതിനായി ഒരു പ്രത്യേക whatsapp ഗ്രൂപ്പ് രൂപീകരിക്കുന്നു മെയ് മാസം മുതൽഓരോ ദിവസവും 10 ജികെ വീതം കുട്ടികൾക്കായി അധ്യാപകർ വിശദീകരിച്ച് നൽകുന്നു.
GK ചോദ്യങ്ങൾക്ക് ഒപ്പം പത്രക്വിസ് സംഘടിപ്പിക്കുന്നു.

സ്കൂൾ തുറക്കുന്ന ജൂൺ മാസം മുതൽ കുട്ടികൾക്ക് പ്രതി വാരക്വിസ് മത്സരം സംഘടിപ്പിക്കുന്നു.
ഈ ചോദ്യങ്ങൾക്ക് കോർത്തിണക്കിക്കൊണ്ട് മാസാന്ത്യ ക്വിസ് സംഘടിപ്പിക്കുന്നു.

ഓരോ മാസത്തെയും ക്വിസ് പ്രോഗ്രാമുകളുടെ ചുമതല ഓരോ അധ്യാപകർക്കായി നൽകുന്നു.

## *പ്രതിവാര* ക്വിസ് മത്സരം*

ക്ലാസ് തലത്തിൽ സംഘടിപ്പിക്കുന്നു. വിജയികളാകുന്ന കുട്ടികളെ ചേർത്തുകൊണ്ട് ഫൈനൽ ക്വിസ് സംഘടിപ്പിക്കുന്നു.

## *മാസാന്ത്യ ക്വിസ്*

-ഓരോ മാസവും കുട്ടികൾ പഠിച്ച ചോദ്യങ്ങളുമായി ബന്ധപ്പെട്ട് അവസാനം ഫൈനൽ ക്വിസ് സംഘടിപ്പിക്കുന്നു.

-ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ മാസാന്ത്യക്വിസ് സംഘടിപ്പിക്കുന്നു

## *ദിനാചരണ ക്വിസ്*

ഓരോ ദിനാചരണങ്ങളോടും അനുബന്ധിച്ച് ക്വിസ് മത്സരങ്ങൾ അശ്വമേധം ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

## *മെഗാക്വിസ്*

ഫെബ്രുവരിമാസത്തോടെ അശ്വമേധം ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ഒരു മെഗാ ക്വിസ് സംഘടിപ്പിക്കുന്നു.

# പ്രവർത്തനത്തിന്റെ പേര് --talk easy

## ആമുഖം

2025-26 അധ്യയന വർഷം എൽ പി ഇളമ്പാ സ്കൂളിൻറെ എ എം പി വിഭാവനം ചെയ്ത നടപ്പിലാക്കുന്ന ഒരു സ്പോക്കൺ ഇംഗ്ലീഷ് പ്രവർത്തനമാണ് ടോക്ക് ഈസി എന്നത്. ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തിയാണ് ടോക്ക് ഈസി നടപ്പിലാക്കുന്നത്. കുട്ടികളുടെ ഇംഗ്ലീഷിലുള്ള പ്രാവീണ്യം മെച്ചപ്പെടുത്തുക എന്നതാണ് ഈസി ടോക്ക് ലക്ഷ്യമിടുന്നത്. L S R W എന്നതിൽ S (സ്പീക്കിംഗ്) നു പ്രാധാന്യം നൽകുക എന്നതാണ് ഉദ്ദേശ്യം.

## ലക്ഷ്യം

കുട്ടികളിൽ ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ മെച്ചപ്പെടുത്തുക. വിഷയത്തിൽ കൂടുതൽ പദസമ്പത്ത് നേടുക. ധൈര്യമായി ഒരു സദസ്സിനെ അഭിമുഖീകരിക്കുക.

## ടാർജറ്റ് ഗ്രൂപ്പ്

സ്കൂളിലെ മുഴുവൻ കുട്ടികളും

## നടത്തിപ്പ് രീതി:

*വെക്കേഷനും അധ്യയനവർഷവും അനുയോജ്യമായ അവസരങ്ങളിൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ വിദഗ്ധരുടെ സഹായത്തോടെ സംഘടിപ്പിക്കൽ

* ക്ലാസ് റൂം പ്രവർത്തനത്തോടൊപ്പം സ്പോക്കൺ ഇംഗ്ലീഷ് പ്രാധാന്യം കൊടുത്തുള്ള പ്രവർത്തനങ്ങൾ

***A day for English**
ഇംഗ്ലീഷിനായി മാസത്തിൽ ഒരു ദിവസം

***Reading competition**
***Spelling competition**
***English assembly**
എല്ലാ വെള്ളിയാഴ്ചയും ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. ഇംഗ്ലീഷ് സ്കിറ്റ് അസംബ്ലിയിൽ അവതരിപ്പിക്കുന്നു

***English fest**
**Skit, choreography, action song, role play ,speech** പ്രോഗ്രാം ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു.

## കാലയളവ്

**2025** മെയ് മുതൽ **2026** ഫെബ്രുവരി വരെ

## ചുമതല

ഇംഗ്ലീഷ് ക്ലബ്

## പ്രവർത്തനത്തിന്റെ പേര് :
## സുസ്ഥിരവികസനവും ജനാധിപത്യ വഴികളും

## <u>ആമുഖം</u>

2025 - 26 അധ്യയന വർഷം ഗവൺമെന്റ് എൽ പി ഇളമ്പ സ്കൂളിന്റെ എ എം പി വിഭാവനം ചെയ്ത നടപ്പിലാക്കുന്ന പ്രവർത്തനമാണ് സുസ്ഥിരത വികസനവും ജനാധിപത്യ വഴികളും ഒരു രാജ്യത്തിന്റെ പുരോഗതിയുടെയും സമൃദ്ധിയുടെയും അടിസ്ഥാനം വികസനമാണ് പുരോഗതി ക്ഷേമം അഭിവൃദ്ധി മെച്ചപ്പെട്ട ജീവിതത്തിനു വേണ്ടിയുള്ള അഭിലാഷം എന്നിവയെ സൂചിപ്പിക്കുന്ന ആശയമാണ് വികസനം സമൂഹനന്മയും വികസന പദ്ധതികൾ പ്രത്യക്ഷമായി ബാധിക്കുന്ന ജനങ്ങളുടെ അവകാശങ്ങളെയും ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങളിൽ നിന്നും കണ്ടെത്തിയ വികസന പദ്ധതികൾ രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പിന്തുണയോടു കൂടി ആവിഷ്കരിക്കുക ജനാധിപത്യപരമായി നടപ്പിലാക്കുക എന്ന തിരിച്ചറിവാണ് സുസ്ഥിരവികസനവും ജനാധിപത്യ വഴികളും എന്ന തനത് പ്രവർത്തനം രൂപപ്പെടാൻ കാരണം

<u>ലക്ഷ്യം</u>

സമൂഹമുയർത്തിപ്പിടിക്കുന്ന വികസനത്തിന്റെ വിശാലമായ അർത്ഥതലങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം ഇല്ല വികസന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ചില വിഭാഗങ്ങൾക്ക് നേട്ടങ്ങൾ ഉണ്ടാകും മറ്റുചിലർക്കാകട്ടെ അവരുടെ പരിസരവും വീടും

ഭൂമിയും നാടുമെല്ലാം മലീമസപ്പെടുകയോ ചിലപ്പോഴൊക്കെ നഷ്ടപ്പെടുകയോ ചെയ്യും. ഇത്തരം യാതനകളെ കുറിച്ചുള്ള ചിന്ത ബാല്യത്തിൽ തന്നെ രൂപപ്പെടുത്തുക പിന്തുണയായി പൊതുജനശ്രദ്ധയും സഹായവും ഉണ്ടാക്കിയെടുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

<u>ടാർജറ്റ് ഗ്രൂപ്പ്</u>

**360** കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിലെ പഠിതാക്കളും രക്ഷിതാക്കളും അതിലൂടെ പൊതുസമൂഹവും.

<u>പ്രവർത്തനങ്ങൾ പ്രക്രിയകൾ</u>

മാസ്റ്റർ പ്ലാനിൽ തനത് പ്രവർത്തനത്തെ സമയബന്ധിതമായി ഉൾക്കൊള്ളിച്ച് വാർഷിക കലണ്ടറും പ്രതിമാസ കലണ്ടറും അത്തരത്തിൽ തന്നെ രൂപപ്പെട്ടു. തുടർന്ന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തീരുമാനിച്ചു

1. ജലസാക്ഷരത
2. ആരോഗ്യസാക്ഷരത
3. സാമ്പത്തിക സാക്ഷരത
4. ഭരണഘടന സാക്ഷരത

ജൂൺ മാസം

ആരോഗ്യ സാക്ഷരത

ഹെൽത്ത് ഇൻസ്പെക്ടർ മുദാക്കൽ പി എച്ച് സി ചരിസ്മ ആരോഗ്യ ശീലങ്ങൾ എന്ന വിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് എടുത്തു.

# പരിഹാരബോധനം

# ഗവൺമെന്റ് എൽ.പി.എസ് ഇളമ്പ

ആറ്റിങ്ങൽ ഉപജില്ല

## ആമുഖം

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ കുട്ടികൾക്കും തുല്യത ഉറപ്പുവരുത്തുന്ന പാഠ്യപദ്ധതി വിനിമയം ക്ലാസ് റൂമുകളിൽ നടക്കേണ്ടതുണ്ട്. നിലവിലെ രീതി അനുസരിച്ച് എൽ.എസ്.എസ് പരീക്ഷയിലെ വിജയം ആണ് പലപ്പോഴും വിദ്യാലയം ലക്ഷ്യം വയ്ക്കുന്നത്. എന്നാൽ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസപരമായിട്ടുള്ള പിന്നാക്കക്കാരെക്കൂടി പരിഗണിക്കുന്ന ഒരു ബോധന സമ്പ്രദായം ഓരോ വിദ്യാലയത്തിലും രൂപപ്പെടേണ്ടതുണ്ട് എന്ന കാഴ്ചപ്പാടിൽ ഗവൺ മെന്റ് എൽ.പി ഇളമ്പ സ്കൂളിന്റെ മാസ്റ്റർ പ്ലാൻ ഏറ്റവുമധികം പ്രാധാന്യം കൊടുത്തിരിക്കുന്നത് പരിഹാരബോധന പ്രവർത്തനങ്ങൾക്കാണ്. ആയതിനാൽ ഈ പ്രോജക്ട് ഞങ്ങളുടെ എസ്.ആർ.ജി ശ്രീമതി സുമി.ബി.എസ് ന്റെ നേതൃത്വത്തിൽ ഏറ്റവും അഭികാമ്യമായ മൊഡ്യൂൾ തയ്യാറാക്കി എല്ലാ അധ്യാപകരുടെയും പിന്തുണയോടെ നടപ്പിലാക്കാൻ തീരുമാനിച്ചു.

## കാഴ്ചപ്പാട്

കുട്ടികളുടെ വ്യത്യസ്തതകളെ പരിഗണിക്കാതിരിക്കുമ്പോഴാണ് അവൾക്ക് പഠന പിന്നാക്ക അവസ്ഥയുണ്ടാകുന്നത്. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി തിരിച്ചറിഞ്ഞ് കുട്ടികൾക്ക് പൊതുവായി, വിവിധ വിഷയങ്ങളിൽ പ്രത്യേകമായും വേണ്ട പഠന പിന്തുണ എന്തെന്ന് വിശകലനം ചെയ്ത് കണ്ടെത്തുന്നു.

## സമീപനം

വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ കുട്ടിക്ക് മിനിമം പഠനനേട്ടം ഉറപ്പാക്കുക

1) പഠന നേട്ടങ്ങൾ, പഠന ലക്ഷ്യങ്ങൾ എന്നിവ ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് ബോധന തന്ത്രങ്ങൾ ആസൂത്രണം ചെയ്യുക. ഇതിനായി കുട്ടിയെ ക്ഷമയോടെ കേൾക്കുകയും സമീപിക്കുകയും ചെയ്യുക.

2) അവന്റെ / അവളുടെ അഭിപ്രായങ്ങളും അനുഭവങ്ങളും തുറന്ന് പറയാൻ ഓരോ കുട്ടിക്കും അവസരം നൽകുക

3) വ്യവഹാര രൂപങ്ങളില്, ചിഹ്നങ്ങളിൽ, ചതുഷ്ക്രിയകളിൽ അവന്റെ പരിമിതി അടിയന്തിരമായി തിരിച്ചറിയുക

4) ആദ്യ ഘട്ടത്തിൽ പ്രവർത്തന അനുഭവങ്ങൾ അധ്യാപകർ വിലയിരുത്തിയ ശേഷം രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

## പ്രവർത്തന രൂപരേഖ

ഗവൺമെന്റ് എൽ.പി.എസ് ഇളമ്പ 2025-26 അധ്യയന വർഷത്തിൽ തുടക്കത്തിൽ തന്നെ പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ തരത്തിൽ വ്യത്യസ്തങ്ങളായ കൈത്താങ്ങ് പ്രവർത്തനങ്ങൾ നൽകി അവരെ മുന്നിലേക്ക് കൊണ്ടുവരുന്നതിനും വേണ്ടിയുള്ള പ്രത്യേക പഠന പ്രവർത്തന പാക്കേജ് രൂപപ്പെടുത്തിയിട്ടുണ്ട്. ഘട്ടം ഘട്ടമായി നടത്താൻ തീരുമാനിച്ചിട്ടുള്ള പരിഹാരബോധന പ്രവർത്തനത്തിന്റെ ഫെബ്രുവരി മാസം വരെയുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1) ആദ്യ ഘട്ടമെന്ന നിലയിൽ ജൂൺ ആദ്യവാരം തന്നെ ഓരോ ക്ലാസിന്റെയും ചുമതലയുള്ള അധ്യാപകർ അവരുടെ ക്ലാസിലെ വായനയിലും എഴുത്തിലും പ്രകടനത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തണം. എല്ലാ അധ്യാപകരും പരിഹാര ബോധന പ്രവർത്തനങ്ങൾക്കായി ഒരു നോട്ട് ബുക്ക് സൂക്ഷിക്കേണ്ടതാണ്. കുട്ടികളുടെ ലിസ്റ്റ് ആദ്യവാരം തന്നെ സ്കൂൾ തല പരിഹാര ബോധന രജിസ്റ്ററിൽ രേഖപ്പെടുത്തണം .കുട്ടികൾക്കും ഇതിലേക്കായി പ്രത്യേകമായി ഒരു നോട്ട്ബുക്ക് കരുതേണ്ടതാണ്.

2) ഓരോ മാസാന്ത്യവും test നടത്തുകയും ഓരോ കുട്ടിയുടെയും വിലയിരുത്തൽ ക്ലാസ് തല നോട്ട് ബുക്കിലും സ്കൂൾ തല രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. SRG മീറ്റിംഗിൽ ചർച്ച ചെയ്ത് വേണ്ട മാറ്റങ്ങൾ പ്രവർത്തനങ്ങളിൽ വരുത്തേണ്ടതുമാണ്.

3) ഓരോ ക്ലാസിലെയും കുട്ടികളുടെ പഠനാവസ്ഥ ക്ലാസ് അധ്യാപകർ തിരിച്ചറിഞ്ഞ് അവർക്ക് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതും ഓരോ SRG യിലും അവതരിപ്പിക്കേണ്ടതുമാണ്.

4) വായനയിലും പ്രകടനത്തിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അസംബ്ലിയിൽ പ്രാമുഖ്യം നൽകി പ്രോത്സാഹനം ഉറപ്പ് വരുത്തേണ്ടതാണ്.

5) എല്ലാ ദിവസവും ഉച്ചയ്ക്ക് 1.15 മുതൽ 2 മണി വരെയുള്ള സമയം പരിഹാരബോധന പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കേണ്ടതും ലൈബ്രറിയിലെ കുഞ്ഞു പുസ്തകങ്ങൾ, വായനക്കാർഡുകൾ എന്നിവ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

# ക്ലാസ്സ് തല മാസ്റ്റർപ്ലാൻ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദ്യം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

## ജൂലൈ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

### പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി       ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന,  നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം   സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കാം
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർട്ടുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

**AMP**

**(For Class 1) English**

*The goal for the first class is to handle English easily. Class 1 students must go from small words big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.*

*The Academic masterplan is designed to ensure that not a single child gives illiterate.*

## Objectives and learning outcomes

- *Respond to simple instructions in class room*
- *Describe orally about the picture and objects.*
- *Familiarise with simple words.*
- *Enjoy songs and sings them with Rhythm and action.*
- *Familiarise the names of birds, animals youngones and identifies them from pictures.*

### June

- *Introduce symbol words*
- *Provides picture cards*

### July

- *Identify familiar words*
- *Say familiar words*
- *Read Familiar Words*
- *Write Familiar Words*

### August

- *Enjoy Songs and sing them with Rhythm and action*
- *Describes orally about pictures and objects using objectives*
- *September*

- *Read and write Simple words and simple sentence*
- *Provide picture cards and reading cards.*

***October***

- *Introduce simple picture descriptions*
- *Make word chain, sentence chain*
- *Make riddles*
- *Describing words, rhyming words*
- *Text book activities*

***November***

- *Prepare reading Cards.*
- *Provide more opportunities to read write and speak English*
- *Write five English Words daily*

***December***

- *Read and understand simple instructions in the class room.*
- *Encourage digital reading*

***January***

- *Enjoy songs and sings them with rhythm and action*
- *Make picture albums*

***February***

- *Provide Songs and sings them with rhythm and action*
- *Provide the opportunity to express myself in the classroom*
- *English assembly once in a week*

***March***

- *Speaks English Fluently*
- *Read and write simple sentences*
- *Picture reading and picture description*

# AMP

## Mathematics Class-1

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ. ഗണിതം പിന്തള്ളി പോകാതെ മുഖ്യ ധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽ നിന്നു തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്.പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കവുന്നതാണ്.

**<u>ലക്ഷ്യങ്ങൾ</u>**

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുന്നു , എഴുതുന്നു.
- 20 വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 20 വരെയുള്ള സംഖ്യകളെ വ്യാഖാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു ,എഴുതുന്നു , വായിക്കുന്നു.
- ഒൻപതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിലുള്ള കഴിവ് നേടുന്നു.

**<u>ജൂൺ</u>**

- സംഖ്യകൾ തിരിച്ചറിയുന്നു , പറയുന്നു.
- സംഖ്യാകാർഡ് നിർമിക്കൽ.

**<u>ജൂലൈ</u>**

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ആഗസ്ത്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കുന്നു.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാഗാനങ്ങൾ ആലപിക്കൽ.

## ഒക്ടോബർ

- ഒറ്റസംഖ്യ , ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ ,ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ , ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

## നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു , ശേഖരിക്കുന്നു.
- ഒരക്കസംഖ്യയും , രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

- ഒരക്കസംഖ്യയും , രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം , വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കു.

## ഫെബ്രുവരി

- ഗണിത ആൽബം പി ടി എ യിൽ പ്രദർശിപ്പിക്കുന്നു .
- വിലവിവരപ്പട്ടിക , പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിത ആശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി , തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## STD : 2

## 2025-2026

# മലയാളം

## ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷ വികാസം, വൈജ്ഞാനിക മേഖല സർഗ്ഗാത്മക മേഖല, വൈകാരിക മേഖല എന്നി മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത് എല്ലാവിഷയത്തിലും നൈപുണി നേടി. ഒരു നല്ല വിദ്യാഭ്യാസത്തിൻറെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- രണ്ടാം ക്ലാസ്സിലെ എല്ലാകുട്ടികളുടേയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസ്സിലെ എല്ലാകുട്ടികളുടേയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസ്സിലെ എല്ലാകുട്ടികളുടേയും തെറ്റുകൾ ഇല്ലാത്ത ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

### മുന്നൊരുക്കം

- പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലും ഉള്ള കുട്ടികളെ കണ്ടെത്തുന്നു.

➢ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ, എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസ്സിലെ സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

## ജൂൺ

- ചിത്ര കാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ
- വായന സാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കൽ

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻറെയും സാധ്യത ഉറപ്പക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

- ക്ലാസ്സ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പ് വരുത്തൽ
- വീട്ടു ലൈബ്രറി ഒരുക്കൽ
- ചിത്രവിവരണം
- വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്തംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
- വായിച്ച കഥയിൽ നിന്നും സംഭാഷണമാക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങളാക്കൽ
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

**ഒക്ടോബർ**

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണം എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- വിവിധ തരത്തിലുള്ള പതിപ്പുതയ്യാറാക്കാൻ വേണ്ടുന്ന മുൻഗണനന നൽകുന്നു.

ഉദാ: ആന, വലിയ ആന, കറുത്ത വലിയ ആന

**നവംബർ**

- കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ എർപ്പെടാൻ ഉള്ള അവസരം കൊടുക്കുന്നു.

**ഡിസംബർ**

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ എർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

**ജനുവരി**

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം കൊടുക്കൽ

**ഫെബ്രുവരി**

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)
- കുട്ടികളിൽ സ്വതന്ത്രമായ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ എർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ

**മാർച്ച്**

- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- ഇൻലൻറ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത്, മാഗസിൻ, മാസിക തയ്യാറാക്കൽ

- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ENGLISH

## Learning Objectives

- The learners follow instructions and act accordingly
- Engage in Organic
- The learner's identity the lines in the song.
- Sing the song with rhythm and intonation.
- Develop the ability to observe things around
- Reproduces the visual experience in the form of descriptions
- Comprehend teacher interaction and respond in English
- Read and comprehend simple stories and conversational piece
- Add their own lines to a given song
- Engage in readers theatre
- Engage in colouring activities
- Describe things Orally and in writing
- Complete the conversation based on the given context

| No | Learning Objectives | Activities | Duration | Support |
|---|---|---|---|---|
| 1 | Follow instructions and act according | 1)Game- Move like a monkey<br>2)Game – Fast and Slow<br>3)Game – Rain activity | June – March | Teacher |
| 2 | Engage in origami | 1)Making ants<br>2)making mushroom | June | Teacher |
| 3 | Learners identifies the lines in the song and sing the song with rhythm | Choral singing | | Teacher<br>Parents |
| 4 | Adding lines to the song | 1)complete the stanza | June – March | Teacher |
| 5 | Engage in readers theatre | 1)Let's read<br>2)Reader's theater | | Teacher<br>Parents |
| 6 | Comprehead teacher instructions and respond in English | 1)Big picture<br>2)Writing thoughts<br>3)Writing conversation<br>4)Adding lines<br>5)Engage in colouring origami and reader's theatre | June – March | Teacher |
| 7 | Read and comprehend simple stories | 1)Let's read<br>2)listen to the story<br>3)Echo reading<br>4)Give me the read | June – march | |

| | | | | |
|---|---|---|---|---|
| 8 | Describe things orally and in writing | 1)Describing ants<br>2)Describing butterfly | June | |
| 9 | Engage in colouring activities | 1)Colouring ants<br>2)Colouring butterfly | | |
| 10 | Prepare thoughts of character based on the contextual input | 1) Thoughts of butterfly | June | Teacher |
| 11 | Develop the ability to observe things around | 1) Nature of walk<br>2) Observing ants<br>3) Observing butterflies<br>4) Observing animals | | |
| 12 | Spoken English Fluently | 1) Spoken English classes<br>2) English Assembly<br>3) English Fest<br>4) English club activities | June<br>March | Teacher<br>Present |

# അക്കാദമിക മാസ്റ്റർ

## ക്ലാസ്സ് 2

## ആമുഖം

ഗണിത പഠനം ഉല്ലാസ പരവും ആസ്വാദ്യകരവുമായി കുട്ടികൾക്ക് അനുഭവവേദ്യമാക്കുക എന്നതാണ് പൊതുവിദ്യാഭ്യാസ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. അതിനനുസരിച്ച് വിനിമയം ചെയ്യുന്ന പാഠപുസ്തകവും പ്രവർത്തന പുസ്തകവുമാണ് പുതുതായി നമ്മുടെ കുരുന്നുകൾക്ക് മുന്നിൽ എത്തിയിട്ടുള്ളത്. ഗണിതാശയങ്ങൾ അതാത് ക്ലാസ്സ് നിലവാരത്തിനനുസരിച്ച് കുട്ടികൾക്ക് നേടാൻ കഴിയുന്നതിനു വേണ്ടിയുള്ള ഒരു സഹായിയായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. കുട്ടികൾ ആർജ്ജിക്കേണ്ട പഠനനേട്ടങ്ങൾ നേടിയെടുക്കുക എന്നതാണ്. ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസ്സിലെ കുട്ടികൾക്ക് 100 വരെയുള്ള സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യകളെ വ്യാഖ്യാനിക്കൽ,പ്രശ്നാപഗ്രഥനം, വ്യത്യസ്ത രൂപങ്ങൾ തിരിച്ചറിയൽ, സംഖ്യ-ചിത്രപാറ്റേണുകൾ നിർമ്മിക്കൽ, തുടങ്ങിയ ശേഷികൾ ഉറപ്പിക്കുന്നതിന്

- സംഖ്യാബോധം, ക്രിയശേഷികൾ നേടിയെടുക്കൽ
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി നേടിയെടുക്കൽ
- സങ്കലന, വ്യവകലന പ്രശ്നങ്ങൾ നിർദ്ധാരരണം ചെയ്യാൻ വ്യത്യസ്ത മാനദണ്ഡങ്ങൾ അവലംബിക്കാം എന്നുള്ള തിരിച്ചറിയൽ
- സംഖ്യകളെ ക്രമമായി എണ്ണാനും എഴുതാനുമുള്ള ശേഷി കൈവരിക്കൽ
- ചെറുത്, വലുത്, കുറവ്, കൂടുതൽ, തുടങ്ങിയ ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഗണിത കിറ്റുകൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ
- ചുറ്റിനുമുള്ള വസ്തുക്കളുടെ ആകൃതി തിരിച്ചറിയുന്നതിന്
- രൂപ, നാണയം തുടങ്ങിയ നിത്യജീവിതവുമായി ബന്ധപ്പെട്ടവയെ ഗണിതാശയപരമായി സമീപിക്കുന്നതിനും ഗണിതശേഷികളായ

സങ്കലനം, വ്യവകലനം, തുടങ്ങിയവ ഇതുമായി ബന്ധപ്പെടുത്തി പ്രശ്നനിർദ്ധാരണം ചെയ്യുന്നതിനും ഉള്ള ശേഷി ഉറപ്പിക്കൽ.

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച നേട്ടങ്ങൾ തിരിച്ചറിയാനുതകുന്ന പ്രവർത്തനങ്ങൾ മുന്നൊരുക്കമായി നടത്തികൊണ്ട് പ്രവർത്തന ലക്ഷ്യങ്ങളിലേക്ക് കടക്കാവുന്നതാണ്.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025 – 26

## STD III

# ആമുഖം

2025 - 26 അധ്യയന വർഷത്തിൽ മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പരിഗണിച്ചും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പ്രവർത്തനങ്ങൾ ആസ്വാദ്യകരവും ശിശു സൗഹൃദപരവും ആക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്

## ടാർഗറ്റ് ഗ്രൂപ്പ്

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തുന്നു.

മേഖല : അക്കാദമികം
വിഷയം : മലയാളം
ക്ലാസ് : STD 3

| പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണാ സംവിധാനങ്ങൾ |
|---|---|---|
| <u>വായന പരിപോഷണം</u><br>ആനുവാലിക വായന<br>വായന കളരി<br>പുസ്തക വായന<br>ക്ലാസ് വായന<br>ക്ലാസ് ലൈബ്രറികൾ ഒരുക്കൽ | വർഷം മുഴുവൻ | SRG<br>SMC<br>CPTA |
| <u>ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ</u><br>പരിഹാരബോധന ക്ലാസ്സ് | ലക്ഷ്യം നേടുന്നതുവരെ | SRG<br>Class Teacher<br>CPTA |
| <u>എഴുത്ത് പരിപോഷിപ്പിക്കൽ</u><br>വായനക്കുറിപ്പ്<br>പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടുന്ന ശേഷികൾ | പ്രതിമാസം | SRG<br>Class Teacher<br>CPTA |
| <u>സാഹിത്യ പ്രതിഭകളെ അടുത്തറിയാം</u><br>കവികളെക്കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം | ഡിസംബർ, ജനുവരി | SRG<br>Class Teacher |

മേഖല : അക്കാദമികം

വിഷയം : ഗണിതം

ക്ലാസ് : STD 3

<u>ലക്ഷ്യം 1</u>

**മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക**

| SL NO | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | <u>നറുക്കെടുക്കാം</u><br>സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു<br>കിട്ടിയ സംഖ്യ വായിക്കാം<br>മറ്റുള്ളവർ സംഖ്യ എഴുതുന്നു |
| 2 | ജൂൺ | <u>10 ചങ്ങാതിമാർ</u><br>സംഖ്യ നറുക്കെടുക്കുന്നു<br>കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം |
| 3 | ജൂൺ – സെപ്റ്റംബർ | <u>പാറ്റേൺ പൂർത്തിയാക്കാം</u><br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ |
| 4 | ഒക്ടോബർ | <u>ക്രമത്തിൽ ആക്കാം</u><br>വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>ആരോഹണക്രമം അവരോഹണ ക്രമം എഴുതുക |

<u>ലക്ഷ്യം 2</u>

**മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/ നാലക്ക സംഖ്യകൾ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ**

| SL NO | മാസം | പ്രവർത്തനം |
|---|---|---|
| 1 | **ജൂൺ** | <u>കൂട്ടങ്ങൾ ആക്കാം</u><br>ഒരു മൂന്നക്ക സംഖ്യ എഴുതുക<br>കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1,10, 100 , 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം |

| | | |
|---|---|---|
| 2 | ജൂലൈ | <u>സംഖ്യ സൂര്യൻ</u><br>ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു |
| 3 | ആഗസ്റ്റ് – സെപ്റ്റംബർ | <u>ക്രമീകരിക്കാം</u><br>സംഘികളെ അബാക്കസിൽ ക്രമീകരിക്കാം<br>അരവിന്ദ് ഗ്ലൂപ്പുകാട് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം |

<u>ലക്ഷ്യം -3</u>

**മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.**

| SL NO | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂലൈ | <u>സമയചക്രം</u><br>ബ്ലാക്ക് ആൻഡ് വൈറ്റ് ചാർട്ട് ഉപയോഗിച്ച് ഒരു സമയം ചക്രം തയ്യാറാക്കുന്നു<br>സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. |
| 2 | സെപ്റ്റംബർ – ഫെബ്രുവരി | <u>ക്ലാസ്സിൽ ഒരു കട</u><br>കുട്ടികളുടെ ബുക്ക്, പേന ,പെൻസിൽ, വെള്ളം, അരി ചേർത്ത് വില നൽകി കട ക്രമീകരിക്കുന്നു.<br>ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>ആവശ്യമുള്ളവർ അളന്നെടുക്കുന്നു<br>കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി സാധനം വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു<br>ഗ്രൂപ്പിൽ ചർച്ച നടത്തുന്നു<br>പ്രയാസങ്ങൾ അധ്യാപക സഹായത്തോടെ പരിഹരിക്കുന്നു. |

## ലക്ഷ്യം -4

**മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.**

| SL NO | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂലൈ – ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തിരഞ്ഞെടുക്കാൻ അവസരം നൽകുന്നു<br>ക്രിയ ചെയ്യാം<br>ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 2 | ജൂലൈ – മാർച്ച് | സംഖ്യ ചക്രം<br>സംഖ്യ ചക്രം കറക്കി രണ്ട് സംഖ്യകൾ തിരഞ്ഞെടുക്കുന്നു അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. |

മേഖല : അക്കാദമികം
വിഷയം : പരിസരപഠനം
ക്ലാസ് : STD 3

| പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണാ സംവിധാനങ്ങൾ |
|---|---|---|
| പ്രകൃതി നടത്തം<br>– ചെടികൾ നിരീക്ഷിക്കൽ<br>പരിസ്ഥിതി ദിനാചരണം<br>– പോസ്റ്റർ നിർമ്മാണം | ജൂൺ | SRG |
| ജൈവവൈവിധ്യ ഉദ്യാനം സംരക്ഷിക്കൽ<br>നിരീക്ഷണം– ജീവികൾ, മണ്ണ് | വർഷം മുഴുവൻ<br>ജൂലൈ | SRG<br>PTA |
| മഴ മപിനി നിർമ്മാണം<br>ജലസ്രോതസ്സുകൾ സന്ദർശനം<br>ആശയ ഭൂപടം തയ്യാറാക്കൽ | ജൂലൈ മുതൽ<br>ഓഗസ്റ്റ് വരെ | SRG<br>PTA |
| സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>ഫുഡ് ഫെസ്റ്റിവൽ<br>എൻറെ ആരോഗ്യ കാർഡ് – ഓരോ കുട്ടിക്കും<br>BMI | സെപ്റ്റംബർ മുതൽ<br>ഒക്ടോബർ വരെ | Health Club<br>SRG<br>PTA |
| റോഡ് നിയമങ്ങൾ റോൾപ്ലേ<br>ഫസ്റ്റ് എയ്ഡ് കിറ്റ് തയ്യാറാക്കൽ | നവംബർ | SRG |
| പരീക്ഷണങ്ങൾ<br>ഗ്ലോബ് നിർമ്മാണം<br>ഭൂപട വായന<br>ചോദ്യോത്തരപ്പയറ്റ് | നവംബർ മുതൽ<br>ഡിസംബർ വരെ | SRG<br>PTA |
| ആൽബം വ്യത്യസ്ത വീടുകൾ<br>സർവ്വേ വ്യത്യസ്ത തരം ജോലികൾ<br>ഫീൽഡ് വിസിറ്റ് പൊതു സ്ഥാപനം<br>ശേഖരണം– ജീവികളുടെ കൂടുകൾ | ജനുവരി മുതൽ<br>ഫെബ്രുവരി വരെ | SRG<br>PTA |

SUBJECT : ENGLISH

STANDERD : STD 4

| SKILLS | ACTIVITIES | MONTH | SUPPORT |
|---|---|---|---|
| Listening | Games<br>Narrations<br>Teacher talk (instructions)<br>Conversation<br>Hearing audios (aakashvani news, stories)<br>Simple rhymes<br>E cube (language lab) | June to August | PTA<br>SRG<br>Subject Council |
| Speaking | Self introduction<br>Identify naming words, rhyming words from the picture and song<br>Make descriptions<br>Speak aloud (thought of the day, favourite things, favourite subjects)<br>Story telling<br>Skit presentation<br>E cube | July to September | SRG<br>Subject Council |
| Reading | Class library<br>Find words (using dictionary)<br>Picture reading<br>E-cube<br>Growing s<br>Text book activities<br>Word a day<br>Let's Read | September to November | SRG |
| Writing | Description writing<br>Word a Day<br>Word chain ,word Web<br>Riddles and conversations Add more lines<br>Dictionary<br>Picture story writing<br>Diary writing | December to March | SRG |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025 – 26

## STD IV

# ആമുഖം

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ നാലാം തരത്തിലെ മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി. അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി.
അവരുടെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം
നൽകിയിരിക്കുന്നു പ്രവർത്തനങ്ങൾ ശിശു സൗഹൃദപരവും കൂടുതൽ ആസ്വാദകരവുമായി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും പദ്ധതി ലക്ഷ്യമിടുന്നു.

## ടാർഗറ്റ് ഗ്രൂപ്പ്

നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തുന്നു.

മേഖല : അക്കാദമികം
വിഷയം : മലയാളം
ക്ലാസ് : STD 4

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല കൾ | സാമ്പ ത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>"ഒരുമിച്ച് മുന്നേറാം" | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | HM<br>SRG<br>Class Teacher | PTA |
| വായിക്കാം വളരാം<br>. ലൈബ്രറി ഒരുക്കൽ<br>. വായനാകുറിപ്പ്<br>. ആസ്വാദന ക്കുറിപ്പ്<br>. പുസ്തക സംവാദം<br>.വായനാ മത്സരം<br><br>"വായനാ പോഷണം" | വായനശേഷി വർദ്ധിപ്പിക്കുന്നതിന്<br><br>സർഗാത്മകതയും ചിന്താശേഷിയും ഭാവനയും വികസിപ്പിക്കുന്നതിന് | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA<br>SMC |
| പാഠപുസ്തക രചനകൾ പരിചയപ്പെടുത്തുന്നതിനായി രചനാ പരിചയക്കുറിപ്പുകൾ വായിക്കുന്നതിനും സ്വയം രചനാപരിചയക്കുറിപ്പ് തയ്യാറാക്കുന്നതിനും<br><br>"രചന പരിചയക്കുറിപ്പ്" | വായനശീലം വളർത്തുന്നതിന്.<br><br>വായനയിൽ താല്പര്യ ജനിപ്പിക്കുന്നതിന്.<br><br>സ്വയം രചനാ പരിചയക്കുറിപ്പ് തയ്യാറാക്കുന്നതിന്. | ജൂൺ മുതൽ മാർച്ച് വരെ | SRG<br>Class Teacher | |

| | | | | |
|---|---|---|---|---|
| സ്കൂളിലെ കുട്ടികൾക്ക് ഓരോരുത്തർക്കും ഡയറി ജൂൺ മാസം മുതൽ ആരംഭിക്കുന്ന ഡയറി എഴുത്ത് സർഗാത്മകതയിൽ ഭാവനയും ഉൾക്കൊണ്ടുകൊണ്ടുള്ള ഡയറി രചനകൾ<br>"സർഗാത്മക ഡയറി"<br>'PURE HEART' | സർഗാത്മകതയും ഭാവനയും വളർത്തൽ ലേഖനശേഷി വർദ്ധിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | HM<br>SRG<br>Class Teacher | SMC<br>PTA<br>Local Resources |

മേഖല : അക്കാദമികം

വിഷയം : പരിസരപഠനം

ക്ലാസ് : STD 4

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| **ഫീൽഡ് ട്രിപ്പ്**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് നിരീക്ഷണം അറിവ് നിർമ്മാണം | നിരീക്ഷണം<br>അറിവ് നിർമ്മാണം | ആവശ്യാനുസാരണം ജൂൺ മുതൽ മാർച്ച് വരെ | SRG<br>CPTA | |
| **ശാസ്ത്ര മൂല**<br>ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG<br>CPTA | PTA<br>SMC |
| **ശാസ്ത്ര യാത്രകൾ**<br>സയൻസ് പാർക്ക്<br>വാന നിരീക്ഷണ കേന്ദ്രങ്ങൾ<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>അന്വേഷണ ത്വര വർദ്ധിപ്പിക്കൽ. | ആവശ്യാനുസാരണം | HM<br>SRG<br>CPTA<br>Class Teacher | PTA<br>SMC<br>Parents |

| | | | | |
|---|---|---|---|---|
| **ശാസ്ത്രോത്സവം**<br>പതിപ്പ്, ചാർട്ട് ,ആൽബം, പഠനോപകരണം, പരീക്ഷണം<br>ഇവയുടെ പ്രദർശനം സംഘടിപ്പിക്കൽ<br>ഫെബ്രുവരി 28 ശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട പ്രവർത്തനം സംഘടിപ്പിക്കൽ | ശാസ്ത്ര പഠനത്തിലൂടെ കുട്ടികൾ നേടിയ അറിവുകളുടെ പ്രയോഗം | ഫെബ്രുവരി 28 ശാസ്ത്ര ദിനത്തിൽ | HM<br>SRG<br>Class Teacher | PTA<br>SMC |
| **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ, കൺസെപ്റ്റ് മാപ്പ് എന്നിവ ഓരോ ക്ലാസ് മുറിയിലും തയ്യാറാക്കി പ്രദർശിപ്പിക്കൽ | ശാസ്ത്ര പഠനം രസകരമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG<br>Class Teacher | TLM |

SUBJECT : ENGLISH

STANDERD : 4

AIM : TO ACHIEVE ALL BASIC SKILLS FOR CLASS 4 STUDENTS

| AIM / SKILL | ACTIVITIES | DURATION | SUPPORTING GROUP |
|---|---|---|---|
| Listening | Games<br>Conversations<br>School Assembly<br>Teacher talk<br>Audios (Daily News,Stories)<br>E-cube English | June to March | Teacher<br>Houses |

| | | | |
|---|---|---|---|
| Speaking | Speak aloud(My self, My Favourites)<br>Role play,Skit<br>Games<br>Identify naming words, action words from pictures songs etc...<br>E-cube English<br>Story telling | June to March | Teachers<br>SRG<br>Subject Group<br>Houses |
| Reading | A word a day<br>Daily News<br>Story cards reading<br>Class library books<br>Find words meaning using a dictionary<br>E cube English | June to March | Teachers<br>SRG |
| Writing | Diary (Pure Heart)<br>Substitution table<br>(Sentence making)<br>Picture story book.<br>E cube English<br>Find  words meaning from dictionary<br>A word A day<br>Add more lines | June to March | Teachers<br>SRG |

മേഖല : അക്കാദമികം
വിഷയം : ഗണിതം
ക്ലാസ് : STD 4

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|
| "കളിക്കാം ഗണിക്കാം"<br>വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ, മൂല്യനിർണയം.<br>ഏണിയും പാമ്പും, ഡയസ്, ഡൊമിനോ,കച്ചവടകളി | ഗണിത പഠനം രസകരമാക്കൽ<br>ചതുഷ്ക്രിയകൾ ലളിതമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG<br>Teacher |

| | | | |
|---|---|---|---|
| "ഒറിഗാമി നിർമ്മാണം"<br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കരചലനശേഷി വികാസം | ജൂൺ | Teacher |
| "ഗണിതലാബ്"<br>ഗണിത ലാബ് തയ്യാറാക്കൽ ഗണിത പ്രവർത്തനം സുഗമമാക്കൽ | ഗണിത പ്രവർത്തനം സുഗമമാക്കൽ | ജൂൺ | HM<br>SRG<br>Class Teacher |
| ഗണിത ചുമർ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | SRG<br>Teacher |
| പ്രശ്നോത്തരി<br>പസിൽ<br>പാറ്റേൺ<br>പഠന ഉൽപ്പന്ന പ്രദർശനം | ഗണിത മേള<br>ഗണിതശേഷികളുടെ പ്രദർശനം | മാർച്ച് | HM<br>SRG<br>Class Teacher |

## സമർപ്പണം.

നല്ലൊരു നാളെക്കായി പുതു തലമുറയെ വാർത്തെടുക്കാൻ കരുതലോടെ നമുക്കൊപ്പം നിൽക്കുന്ന രക്ഷിതാക്കൾക്കും പ്രദേശവസികൾക്കുമായി സമർപ്പിക്കുന്നു.

# പ്രതീക്ഷ

2025-26

**അക്കാദമിക മാസ്റ്റർ പ്ലാൻ**



## ഗവ. എൽ.പി.എസ്. ഇളമ്പ

**ആറ്റിങ്ങൽ വിദ്യാഭ്യാസ ഉപജില്ല**